**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **14-10-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ഐസൊലേഷൻ വാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2021-22 വർഷം ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | കൊല്ലം ജില്ലയിൽ എം.എൽ.എ ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച് ചുവടെചേർത്തിരിക്കുന്ന പ്രകാരം ഏഴ് ഐസൊലേഷൻ വാർഡുകളാണ് നിർമ്മിക്കാൻ തീരുമാനിച്ചത്.<br><br>1)കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ സി.എച്ച്.സി, ഓച്ചിറ<br><br>2)ചവറ നിയോജക മണ്ഡലത്തിലെ സി.എച്ച്. സി, തെക്കുംഭാഗം<br><br>3) കുന്നത്തൂർ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി, ശൂരനാട് നോർത്ത്<br><br>4) പുനലൂർ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി, അഞ്ചൽ<br><br>5)ചടയമംഗലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി, വെളിനല്ലൂർ<br><br>6) കുണ്ടറ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി, നെടുമ്പന<br><br>7) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ടി.എച്ച്, നെടുങ്ങോലം |
| (ബി) | അവയിൽ എത്രയെണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും, എത്ര വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡുകളിൽചവറ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി തെക്കുംഭാഗം, കുന്നത്തൂർ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി ശൂരനാട് നോർത്ത്, ചടയമംഗലം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി വെളിനല്ലൂർ, കുണ്ടറ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി നെടുമ്പന, ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ടി.എച്ച് നെടുങ്ങോലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ പ്രതിപാദിച്ച ഐസൊലേഷൻ വാർഡുകളിലേക്ക് വാട്ടർ കണക്ഷനും വൈദ്യുത കണക്ഷനും ബിൽഡിംഗ് നമ്പറും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രി അധികൃതർക്ക് കൈമാറ്റം ചെയ്ത് വാർഡുകൾ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |
| (സി) | നിർമ്മാണം നാളിതുവരെയും ആരംഭിക്കാത്തവയുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | കൊല്ലം ജില്ലയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തിരഞ്ഞെടുക്കപ്പെട്ട 7 ആരോഗ്യകേന്ദ്രങ്ങളിൽ 5 എണ്ണം നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. ശേഷിക്കുന്ന 2 സൈറ്റുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ